തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

142 (1900) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ പദ്ധതി വിഹിതമായി എത്ര രൂപയാണ് നീക്കിവച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) 2008-09 വർഷത്തെ പദ്ധതി വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാത്ത തുക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) 2009-10 സാമ്പത്തിക വർഷത്തിൽ ഓപ്പണിംഗ് ബാലൻസ് ഉൾപ്പെടെ ചെലവഴിക്കാൻ ലഭ്യമായ തുക എത്രയായിരുന്നു ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1838,27,09,400 രൂപ.

(ബി) 532,30,59,673 രൂപ.

(സി) 2370,57,69,073 രൂപ.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പൊതുതെരഞ്ഞെടുപ്പ് നടന്നതിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലിരുന്ന കാലയളവിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമ/വാർഡ് സഭകൾ വിളിച്ചു ചേർക്കുന്നതിനോ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനോ കഴിയുമായിരുന്നില്ല. ഇതുകാരണം പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. അകാലത്തിൽ പെയ്ത മഴയും ടെണ്ടർ നടപടികളും കരാർ ഒപ്പു വയ്ക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസവും പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്.

സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

143 (1901) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ, :

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാരിനു ലഭിച്ച പരാതികൾ അന്വേഷണ വിധേയമാക്കി ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിലെ സ്വാഭാവിക കാലതാമസം മാത്രമേ ഈ കാര്യത്തിൽ ഉണ്ടാകാറുള്ളു.

LIBRARY ARCHIVES Kerala Legislative Assembly